**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3025** **07-10-2025 - ൽ മറുപടിയ്ക്ക്**

**വന്യജീവികളുടെ ആക്രമണത്തിൽ പരിക്കുപറ്റുന്നവർക്കുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വന്യജീവികളുടെ ആക്രമണത്തിൽ പരിക്കുപറ്റുന്നവർക്ക് ഏതെങ്കിലും ധനസഹായം വനം വകുപ്പ് അനുവദിച്ചു വരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | മനുഷ്യ വന്യജീവി സംഘർഷം മൂലമുള്ള കഷ്ടനഷ്ടങ്ങൾക്ക് വനം വകുപ്പ് നഷ്ടപരിഹാരം നൽകുന്നത് 1980-ലെ കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരമാണ്. ഇതിന്റെ ഭാഗമായുള്ള 05/04/2018-ലെ സ.ഉ (കൈ)നം. 17/2018/വനം, 25/10/2022-ലെ സ.ഉ (കൈ)നം. 50/2022/വനം, 20/01/2024-ലെ സ.ഉ. (കൈ) നം. 03/2024/വനം എന്നിവ പ്രകാരമാണ് മനുഷ്യ-വന്യജീവി സംഘർഷത്തിൽ പരിക്കേറ്റവർക്കും മരണമടയുന്നവരുടെ ആശ്രിതർക്കും നിലവിൽ നഷ്ടപരിഹാരം നൽകിവരുന്നത്. ടി ഉത്തരവുകൾ പ്രകാരം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് നഷ്ടപരിഹാരമായി അനുവദിക്കുന്നത് 10 ലക്ഷം രൂപയാണ്. വനത്തിന് പുറത്ത് വച്ച് സംഭവിക്കുന്ന പാമ്പുകടി, തേനീച്ച, കടന്നൽ എന്നിവയുടെ കുത്ത് മൂലം ഉണ്ടാകുന്ന ജീവഹാനിക്ക് നഷ്ടപരിഹാരമായി 2 ലക്ഷം രൂപയും നൽകി വന്നിരുന്നു. നിലവിൽ പാമ്പുകടി തേനീച്ച കടന്നൽ എന്നിവയുടെ കുത്തുമൂലം സംഭവിക്കുന്ന ജീവഹാനിയ്ക്കുള്ള നഷ്ടപരിഹാരം 4 ലക്ഷമാക്കി ഉയർത്തിയിട്ടുണ്ട്. ഇത്തരത്തിൽ നഷ്ടപരിഹാര തുകകൾ പരിഷ്കരിച്ച് പുറപ്പെടുവിച്ച പുതുക്കിയ മാനദണ്ഡങ്ങൾക്കനുസൃതമായി നഷ്ടപരിഹാരം സമർപ്പിക്കുന്നതിനുള്ള ഓൺ ലൈൻ പോർട്ടൽ തയ്യാറാക്കുന്നുണ്ട്. ആയത് നിലവിൽ വരുന്ന മുറയ്ക്ക് പരിഷ്കരിച്ച തുകയും, അനുവദിക്കുന്നതാണ്.<br><br>വന്യജീവി ആക്രമണം മൂലം സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും പരിക്ക് ഏല്ക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക, പരമാവധി ഒരു ലക്ഷം രൂപ വരെയും അനുവദിച്ചുവരുന്നു. പട്ടിക വർഗ്ഗക്കാരുടെ |

| | | | |
|---|---|---|---|
| | | | കാര്യത്തിൽ ചികിത്സാ ചെലവ് മുഴുവനായും അനുവദിച്ച് വരുന്നു.<br><br>മനുഷ്യ-വന്യജീവി സംഘർഷം സംസ്ഥാന സവിശേഷ ദുരന്തമായി ഖ്യാപിച്ചതിനെത്തുടർന്ന് സ.ഉ.(സാധാ) നം. 304/2025/DMD തീയതി 09/05/2025 പ്രകാരം മനുഷ്യ-വന്യജീവി സംഘർഷത്തിൽ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന് 07/03/2024 തീയതി മുതൽ മുൻകാല പ്രാബല്യം അനുവദിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരമാണ് മേൽ പരാമർശിച്ച പ്രകാരം മനുഷ്യ-വന്യജീവി സംഘർഷത്തിൽ സംഭവിക്കുന്ന മരണം, പരിക്ക് എന്നിവയ്ക്ക് അനുവദനീയമായ നഷ്ടപരിഹാര തുക പരിഷ്കരിച്ചിട്ടുള്ളത്. നിലവിലെ നഷ്ടപരിഹാര തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.<br><br>സർക്കാർ ഉത്തരവ് (സാധാ) നം.304/2025 തീയതി 09/05/2025 പ്രകാരമുള്ള പുതുക്കിയ മാനദണ്ഡങ്ങൾക്കനുസൃതമായി നഷ്ടപരിഹാര അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടൽ തയ്യാറാക്കുന്ന ജോലികൾ പുരോഗതിയിലാണ്. പുതിയ പോർട്ടൽ തയാറാകുന്നത് വരെ പഴയ രീതിയിലുള്ള നഷ്ടപരിഹാര രീതിയാണ് തുടർന്ന് വരുന്നത്. ഇ-ഡിസ്ട്രിക്ട് പോർട്ടൽ വഴി ഓൺലൈനായാണ് നിലവിൽ അപേക്ഷ സമർപ്പിക്കേണ്ടത്. |
| (ബി) | അത്തരത്തിൽ ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | മനുഷ്യ വന്യജീവി സംഘർഷം മൂലമുള്ള കഷ്ടനഷ്ടങ്ങൾക്ക് വനം വകുപ്പ് നഷ്ടപരിഹാരം നൽകുന്നത് 1980-ലെ കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരമാണ്. ഇതിൻ്റെ ഭാഗമായുള്ള 05/04/2018-ലെ സ.ഉ (കൈ)നം. 17/2018/വനം, 25/10/2022-ലെ സ.ഉ (കൈ)നം. 50/2022/വനം, 20/01/2024-ലെ സ.ഉ. (കൈ) നം. 03/2024/വനം എന്നിവ പ്രകാരമാണ് മനുഷ്യ-വന്യജീവി സംഘർഷത്തിൽ പരിക്കേറ്റവർക്കും മരണമടയുന്നവരുടെ ആശ്രിതർക്കും നിലവിൽ നഷ്ടപരിഹാരം നൽകിവരുന്നത്. ടി ഉത്തരവുകൾ പ്രകാരം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് നഷ്ടപരിഹാരമായി അനുവദിക്കുന്നത് 10 ലക്ഷം രൂപയാണ്. വനത്തിന് പുറത്ത് വച്ച് സംഭവിക്കുന്ന പാമ്പുകടി, തേനീച്ച, കടന്നൽ എന്നിവയുടെ കുത്ത് |

| | | | |
|---|---|---|---|
| | | | മൂലം ഉണ്ടാകുന്ന ജീവഹാനിക്ക് നഷ്ടപരിഹാരമായി 2 ലക്ഷം രൂപയും നൽകി വന്നിരുന്നു. നിലവിൽ പാമ്പുകടി തേനീച്ച കടന്നൽ എന്നിവയുടെ കുത്തുമൂലം സംഭവിക്കുന്ന ജീവഹാനിയ്ക്കുള്ള നഷ്ടപരിഹാരം 4 ലക്ഷമാക്കി ഉയർത്തിയിട്ടുണ്ട്. ഇത്തരത്തിൽ നഷ്ടപരിഹാര തുകകൾ പരിഷ്കരിച്ച് പുറപ്പെടുവിച്ച പുതുക്കിയ മാനദണ്ഡങ്ങൾക്കനുസൃതമായി നഷ്ടപരിഹാരം സമർപ്പിക്കുന്നതിനുള്ള ഓൺ ലൈൻ പോർട്ടൽ തയ്യാറാക്കുന്നുണ്ട്. ആയത് നിലവിൽ വരുന്ന മുറയ്ക്ക് പരിഷ്കരിച്ച തുകയും, അനുവദിക്കുന്നതാണ്.<br><br>വന്യജീവി ആക്രമണം മൂലം സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും പരിക്ക് ഏല്ക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക, പരമാവധി ഒരു ലക്ഷം രൂപ വരെയും അനുവദിച്ചുവരുന്നു. പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാ ചെലവ് മുഴുവനായും അനുവദിച്ച വരുന്നു.<br><br>മനുഷ്യ-വന്യജീവി സംഘർഷം സംസ്ഥാന സവിശേഷ ദുരന്തമായി ഖ്യാപിച്ചതിനെത്തുടർന്ന് സ.ഉ.(സാധാ) നം. 304/2025/DMD തീയതി 09/05/2025 പ്രകാരം മനുഷ്യ-വന്യജീവി സംഘർഷത്തിൽ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന് 07/03/2024 തീയതി മുതൽ മുൻകാല പ്രാബല്യം അനുവദിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരമാണ് മേൽ പരാമർശിച്ച പ്രകാരം മനുഷ്യ-വന്യജീവി സംഘർഷത്തിൽ സംഭവിക്കുന്ന മരണം, പരിക്ക് എന്നിവയ്ക്ക് അനുവദനീയമായ നഷ്ടപരിഹാര തുക പരിഷ്കരിച്ചിട്ടുള്ളത്. നിലവിലെ നഷ്ടപരിഹാര തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.<br><br>സർക്കാർ ഉത്തരവ് (സാധാ) നം.304/2025 തീയതി 09/05/2025 പ്രകാരമുള്ള പുതുക്കിയ മാനദണ്ഡങ്ങൾക്കനുസൃതമായി നഷ്ടപരിഹാര അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടൽ തയ്യാറാക്കുന്ന ജോലികൾ പുരോഗതിയിലാണ്. പുതിയ പോർട്ടൽ തയാറാകുന്നത് വരെ പഴയ രീതിയിലുള്ള നഷ്ടപരിഹാര രീതിയാണ് തുടർന്ന് വരുന്നത്. ഇ-ഡിസ്ട്രിക്ട് പോർട്ടൽ വഴി ഓൺലൈനായാണ് നിലവിൽ അപേക്ഷ സമർപ്പിക്കേണ്ടത്. |

| | | | |
|---|---|---|---|
| (സി) | കാസർഗോഡ് ജില്ലയിൽ വന്യജീവി ആക്രമണത്തിൽ പരിക്കുപറ്റിയ എത്ര പേർക്ക് ഈ സർക്കാരിന്റെ കാലത്ത് ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | 2021-22 മുതൽ 30/09/2025 വരെ കാസർഗോഡ് ജില്ലയിൽ മനുഷ്യ-വന്യജീവി സംഘർഷത്തിൽ പരിക്കുപറ്റിയ 388 പേർക്ക് ധനസഹായം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| | ഇനം | ആകെ നഷ്ടപരിഹാര തുക |
|---|---|---|
| 1 | പാമ്പ്, തേനിച്ച, കടന്നൽ എന്നിവ ഒഴികെയുള്ള വന്യജീവികൾ മൂലമുള്ള മരണം | 10 ലക്ഷം |
| 2 | പാമ്പ്, തേനീച്ച, കടന്നൽ എന്നിവയുടെ ആക്രമണം മൂലമുള്ള മരണം | 4 ലക്ഷം |
| 3 | 40% മുതൽ 60% വരെയുള്ള അംഗവൈകല്യം | 2 ലക്ഷം |
| 4 | 60% –ൽ അധികം അംഗവൈകല്യം | 2.50 ലക്ഷം |
| 5 | ഒരാഴ്ചയിൽ കൂടുതൽ ആശുപത്രിവാസം വേണ്ടിവരുന്ന ഗുരുതരമായ പരിക്ക് | ഒരു വ്യക്തിയ്ക്ക് 16,000/–രൂപ മുതൽ ഒരു ലക്ഷം രൂപ വരെ |
| 6 | ഒരാഴ്ചയിൽ കുറഞ്ഞ ആശുപത്രിവാസം വേണ്ടിവരുന്ന ഗുരുതരമായ പരിക്ക് | ഒരു വ്യക്തിയ്ക്ക് 5,400/– രൂപ മുതൽ ഒരു ലക്ഷം രൂപ വരെ |